50 (194) **പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ നടപടി**

ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസരംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് അടുത്ത അദ്ധ്യായന വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെ എല്ലാമാണ് പ്രസ്തുത കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്താണ് കോളേജുകൾ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സഹകരണമേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പുതുതായി ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ കൂടുതൽ ഫീസ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പുതുതായി ആരംഭിക്കുന്ന ഓരോ എഞ്ചിനീയറിംഗ് കോളേജിലും ഏതെല്ലാം കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ഓരോ എഞ്ചിനീയറിംഗ് കോളേജിലും എത്രവീതം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1999-2000 അദ്ധ്യയനവർഷം സംസ്ഥാനത്ത് സർക്കാർ മേഖലയിൽ നാല് പുതിയ എഞ്ചിനീയറിംഗ് കോളേജുകളും ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ ഒരു കോളേജും ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, വയനാട്, പത്തനംതിട്ട എന്നീ ജില്ലകളിലാണ് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നത്.

(സി) ഈ കോളേജുകൾ കേരള യൂണിവേഴ്സിറ്റി, കൊച്ചിൻ യൂണിവേഴ്സിറ്റി, കാലിക്കട്ട് യൂണിവേഴ്സിറ്റി, കണ്ണൂർ യൂണിവേഴ്സിറ്റി എന്നിവയ്ക്ക് കീഴിലാണ് അഫിലിയേറ്റ് ചെയ്യേണ്ടത്.

(ഡി) സഹകരണ മേഖലയിൽ, വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഇ) എഞ്ചിനീയറിംഗ് കോളേജുകളിലെ ഫീസ് ഗവൺമെന്റ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിലയിലായിരിക്കും. ഫീസ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)1. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ
2. ഇൻഫർമേഷൻ ടെക്നോളജി
3. കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
4. മെക്കാനിക്കൽ/മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ആട്ടോ മൊബൈൽ)
5. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്
6. കെമിക്കൽ എഞ്ചിനീയറിംഗ്
7. അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ
8. ആർക്കിടെക്ചർ തുടങ്ങിയ കോഴ്സുകൾ.

(ജി) എ.ഐ.ബി.ടി.ഇ.യുടെ അംഗീകാരത്തിനു വിധേയമായി ഓരോ ബ്രാഞ്ചിലും 60 വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

**51 (195) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾ**

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ കോളേജുകളുണ്ട്; അവയിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്;

(ബി) പ്രസ്തുത കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏഴ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും കേരള, എം.ജി. സർവ്വകലാശാലകളുടെ കീഴിൽ പതിമൂന്ന് സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളും (8+5). പതിനേഴ് ട്രെയിനിംഗ് കോളേജുകളിലും എം.ജി. സർവ്വകലാശാലയുടെ കീഴിൽ 12 ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളും ഐ. എച്ച്.ആർ.ഡി.യുടെ കീഴിൽ മാവേലിക്കര, അടൂർ എന്നിവിടങ്ങളിൽ രണ്ട് കോളേജ് ഓഫ് അപ്ലൈഡ് സയൻസും കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും സ്വാശ്രയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. (ഈ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)† കാലിക്കട്ട്, കണ്ണൂർ സർവ്വകലാശാലകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശനം പൊതു പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിലും (എൻ. ആർ.ഐ. സീറ്റുകളും എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജിലെ മൈനോറിറ്റി സീറ്റുകളും ഒഴികെ) മറ്റ് കോഴ്സുകൾക്ക് 50% സീറ്റുകൾ നിലവിലുള്ള സംവരണ നിയമങ്ങളും, സർവ്വകലാശാല നിയമങ്ങളും അനുസരിച്ച് മെരിറ്റടിസ്ഥാനത്തിലും ബാക്കിയുള്ള 50% സീറ്റുകളിൽ എഡ്യൂക്കേഷണൽ ഏജൻസികളുമാണ് പ്രവേശനം നൽകുന്നത്.

---

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly